©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ജൂലൈ 08
08th July 2026
1201 മിഥുനം 24
24th Mithunam 1201
1948 ആഷാഢം 17
17th Ashadha 1948

നമ്പർ
No.
2024

കേരള സർക്കാർ

മത്സ്യബന്ധന ഉറമുഖ (ഡി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നം. 17/2026/മ.ഉ.വ . തിരുവനന്തപുരം, 2026 ജൂലൈ 07
1201 മിഥുനം 23

എസ്. ആർ. ഒ. നമ്പർ 626/2026

2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിന്റെ (2017-ലെ 16) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2019 ആഗസ്റ്റ് 2-ാം തീയതിയിലെ സ.ഉ.(പി)31/2019/മ.ഉ.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 2019 ആഗസ്റ്റ് 08-ാം തീയതിയിലെ 1811-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആർ.ഒ.527/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് കേരള മാരിടൈം ബോർഡ് സ്ഥാപിച്ചുകൊണ്ടും ബോർഡിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2025 ജൂൺ 14-ാം തീയതിയിലെ സ. ഉ. (പി) നം.11/2025/മ.തു.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 2025 ജൂൺ 16-ാം തീയതിയിലെ 2200-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 677/2025 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള മാരിടൈം ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2026 ജൂലൈ 06-ാം തീയതിയിലെ സ.ഉ.(അച്ചടി)നം.16/2026/മ.തു.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 2026 ജൂലൈ 6-ാം തീയതിയിലെ 2006-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ.619/2026 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം കേരള സർക്കാർ കേരള മാരിടൈം ബോർഡിനെ പിരിച്ചു വിട്ടിട്ടുള്ളതിനാലും;

2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017-ലെ 16), 90-ാം വകുപ്പ് (1)-ാം -ഉപവകുപ്പ പ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച്, കേരള സർക്കാർ തുറമുഖ വകുപ്പ് സെക്രട്ടറി, ഡോ. രത്തൻ.യു.കേൽക്കർ ഐ.എ.എസ്.-നെ കേരള മാരിടൈം ബോർഡിന്റെ അഡ്മിനിസ്ട്രേറ്ററായി ഇതിനാൽ നിയമിക്കുന്നു.

2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിന്റെ 90-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി), (സി) എന്നീ ഖണ്ഡങ്ങൾ പ്രകാരം 2027 മാർച്ച് 31-ന് അവസാനിക്കുന്ന കാലയളവ് വരെയോ ബോർഡ് പുനഃസംഘടിപ്പിക്കുന്നത് വരെയോ, ഏതാണോ ആദ്യം അതുവരെ, നിയമപ്രകാരമുള്ള ബോർഡിന്റെ എല്ലാ ചുമതലകളും അധികാരങ്ങളും കർത്തവ്യങ്ങളും അഡ്മിനിസ്ട്രേറ്റർ ഉടൻ പ്രാബല്യത്തിൽ നിർവഹിക്കേണ്ടതും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ സ്വത്തുക്കളും അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ബിശ്വനാഥ് സിൻഹ

ചീഫ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി 2017 – ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017 ലെ 16) 3 –ാം വകുപ്പ് പ്രകാരം കേരള സർക്കാർ കേരള മാരിടൈം ബോർഡ് രൂപീകരിച്ചു.

2026 ജൂലൈ 06–ാം തീയതിയിലെ സ.ഉ.(അച്ചടി)നം.16/2026/മ.തു.വ.നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 2026 ജൂലൈ 6–ാം തീയതിയിലെ 2006–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 619/2026 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള സർക്കാർ കേരള മാരിടൈം ബോർഡിനെ പിരിച്ചുവിട്ടിട്ടുള്ളതിനാൽ, 2017–ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017–ലെ 16), 90–ാം വകുപ്പ് (1) –ഉം (2) ഉം ഉപവകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, തുറമുഖ വകുപ്പ് സെക്രട്ടറി, ഡോ.രത്തൻ.യു.കേൽക്കർ ഐ.എ.എസ്.–നെ കേരള മാരിടൈം ബോർഡിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.08 12:33:02 +05:30